മാധ്യമം 30 August 2017

# കൊച്ചി നിവാസികൾക്ക് ഓരോ കറിവേപ്പും മല്ലി വിത്തും

**കൊച്ചി:** കൊച്ചി നഗരവാസികൾക്ക് ഓരോ കറിവേപ്പിൻ തൈയും മല്ലിവിത്തും പദ്ധതിയുടെ ഭാഗമായി വ്യാഴാഴ്ച എറണാകുളം കൃഷിവിജ്ഞാന കേന്ദ്രം വിപണന മേള നടത്തും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) ആറുമാസം പ്രായമായ കറിവേപ്പിൻ തൈ, മല്ലിവിത്ത്, ചട്ടികളിൽ ഇവ രണ്ടും എങ്ങനെ കൃഷിചെയ്യാമെന്ന ലഘുലേഖകൾ, കുമ്മായം എന്നിവയടങ്ങുന്ന കിറ്റാണ് വിതരണം ചെയ്യുക. രാവിലെ 10 മുതൽ വൈകീട്ട് അഞ്ചു വരെയാണ് സമയം.

ഭക്ഷ്യവസ്തുക്കളിൽ വിപണിയിലെ കറിവേപ്പിലയും മല്ലിയിലയുമാണ് ഏറ്റവും കൂടുതൽ വിഷമയമായതെന്ന കാർഷിക സർവകലാശാല പഠനത്തെ തുടർന്നാണ്, നഗരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ചട്ടികളിൽ ഇവ കൃഷി ചെയ്ത് ഉപയോഗിക്കാൻ സാഹചര്യമൊരുക്കുന്നതിന് സി.എം.എഫ്.ആർ.ഐയുടെ കീഴിൽ പ്രവർത്തിക്കുന്ന കെ.വി.കെ പദ്ധതി ആവിഷ്കരിച്ചത്.